# കേരള സർക്കാർ

## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

### പരിപത്രം

നം. 57/2023/ധന തിരുവനന്തപുരം, തീയതി: 15/06/2023

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP)- രണ്ടാം പോളിസി വർഷം ആരംഭിക്കുന്നതിനു മുൻപായി മെഡിസെപ് ഡാറ്റയിൽ അന്തിമമായി തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ/ഒഴിവാക്കലുകൾ വരുത്തുന്നതിനുള്ള നിർദ്ദേശം ഡി.ഡി.ഒ.മാർ, ട്രഷറി ഓഫീസർമാർ, ജീവനക്കാർ, പെൻഷൻകാർ എന്നിവർക്ക് നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 70/2022/ധന തീയതി 23/06/2022
2) സർക്കുലർ നം. 68/2022/ധന തീയതി 06/08/2022
3) സർക്കുലർ നം. 18/2023/ധന തീയതി 17/02/2023
4) 07.06.2023 – ൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി നടത്തിയ മെഡിസെപ് അവലോകന യോഗത്തിന്റെ മിനുറ്റ്സ്.

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ മെഡിസെപ് ഡാറ്റയിലെ തെറ്റുകൾ തിരുത്തുന്നതിനും ആശ്രിതരെ ഉൾപ്പെടുത്തുന്നതിനുമുള്ള സമയപരിധി നിരവധി തവണ നീട്ടി നൽകുകയും അവസാനമായി, ഡാറ്റയിൽ കൂട്ടിച്ചേർക്കലുകൾ/തിരുത്തലുകൾ വരുത്തുന്നതിനുള്ള അന്തിമ തീയതി 25.08.2022 ആണെന്നും ഈ തീയതിക്ക് ശേഷം വരുത്തുന്ന തിരുത്തലുകൾ മെഡിസെപ് ഐ.ഡി. കാർഡിൽ പ്രതിഫലിക്കില്ലായെന്നും, മെഡിസെപ് ഐ.ഡി. കാർഡിൽ പേരുൾപ്പെടുത്തിയിരിക്കുന്നവർക്ക് മാത്രമേ ഈ കാർഡിന്റെ ആനുകൂല്യത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളൂവെന്നും സൂചന (2)-ലെ

സർക്കുലർ മുഖാന്തിരം ഗുണഭോക്താക്കളെയും ഡി.ഡി.ഒ./ട്രഷറി ഓഫീസർമാരേയും അറിയിച്ചിരുന്നു. തുടർന്ന്, നിലവിൽ സർക്കാർ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെയും സേവനത്തിൽ നിന്നും വിരമിച്ച പെൻഷൻകാരുടെയും നിലവിലുള്ള ആശ്രിതരെ (നവജാത ശിശുക്കൾ, പുതുതായി വിവാഹം കഴിയുന്നവർ എന്നീ വിഭാഗക്കാർ ഒഴികെ) മെഡിസെപ് ഐ.ഡി. കാർഡിൽ ഉൾപ്പെടുത്തണമെന്ന തരത്തിലുള്ള അപേക്ഷകളോ നിലവിലുള്ള വിവരങ്ങളിൽ തിരുത്തൽ വരുത്തണമെന്ന അപേക്ഷകളോ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ പരിഗണിക്കുന്നതല്ലായെന്ന് സൂചന (3)-ലെ സർക്കുലർ മുഖാന്തിരം അറിയിപ്പ് നൽകിയിരുന്നു. മേൽപറഞ്ഞ നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കാതെ ഗുണഭോക്താക്കൾ തങ്ങളുടെ പ്രൊഫൈലിലെ വിവരങ്ങളിൽ തിരുത്തൽ വരുത്തുകയും കൂട്ടിചേർക്കലുകൾ നടത്തുകയും ചെയ്തിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, 01/07/2022 തീയതി മുതൽ പ്രാബല്യത്തിൽ വന്ന മെഡിസെപ് പദ്ധതിയുടെ ആദ്യത്തെ പോളിസി വർഷം (First policy year) 2023 ജൂൺ 30-നു അവസാനിക്കുകയും രണ്ടാമത്തെ പോളിസി വർഷം (Second policy year) 01/07/2023 തീയതിയിൽ ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സൂചന (4) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ **20/06/2023** തീയതി വരെ ഗുണഭോക്താക്കൾക്ക് അന്തിമമായി മെഡിസെപ് ഡാറ്റയിൽ തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ വരുത്താവുന്നതാണ്. ആയതിനാൽ നിലവിൽ സർക്കാർ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരും സേവനത്തിൽ നിന്നും വിരമിച്ച പെൻഷൻകാരും, തങ്ങളുടെയും ആശ്രിതരുടെയും വ്യക്തിഗത വിവരങ്ങൾ തിരുത്തുന്നതിനും തങ്ങളുടെ നിലവിലുള്ള ആശ്രിതരെ മെഡിസെപ്-ൽ ഉൾപ്പെടുത്തുന്നതിനും ആശ്രിതരുടെ പട്ടികയിൽ നിന്നും ആരെയെങ്കിലും നീക്കം ചെയ്യുന്നതിനുമുള്ള അപേക്ഷകൾ, ജീവനക്കാർ ബന്ധപ്പെട്ട ഡി.ഡി.ഒ.മാർക്കും പെൻഷൻകാർ ബന്ധപ്പെട്ട ട്രഷറി ഓഫീസർക്കും **20/06/2023** നു മുൻപായി സമർപ്പിക്കേണ്ടതാണ്. ഡി.ഡി.ഒ/ട്രഷറി ഓഫീസർമാർ പ്രസ്തുത അപേക്ഷകൾ സ്വീകരിച്ച് **22/06/2023** തീയതിക്ക് മുൻപായി അപേക്ഷകരുടെ മെഡിസെപ് ഡാറ്റയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി നിർബന്ധമായും 'VERIFY' ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ മെഡിസെപ് ഡേറ്റാ ബേസിൽ നിലവിലുള്ള (അതായത് മെഡിസെപ് കാർഡ് ഉള്ള) എല്ലാ ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം തുക കുറവ് ചെയ്ത് അടയ്ക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേക്ക് എല്ലാ ഡി.ഡി.ഒ./ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ മുൻകൂറായി സർക്കാർ നൽകുന്ന പ്രീമിയം തുക കൃത്യമായി തന്നെ സർക്കാരിന് ലഭ്യമാകുന്നുണ്ട് എന്ന ഉറപ്പ് വരുത്തുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

I) മെഡ്കാർഡ് ലഭിക്കുകയും എന്നാൽ, സർക്കാർ മുൻകൂറായി നൽകിയ പ്രീമിയം തുക തിരികെ ലഭിക്കുന്നതിന് സാധ്യതയില്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വിഭാഗം ജീവനക്കാരെ/പെൻഷൻകാരെ മെഡിസെപ് പദ്ധതിയുടെ രണ്ടാം പോളിസി വർഷത്തിൽ നിന്നും ഒഴിവാക്കുന്നതിലേക്ക് അത്തരക്കാരുടെ വിവരങ്ങൾ ധനകാര്യ (ഐ.ടി.എസ്.എഫ് ) വകുപ്പിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

1. കഴിഞ്ഞ പോളിസി വർഷം മരണപ്പെട്ട, അനന്തരാവകാശികളില്ലാത്ത ജീവനക്കാർ/പെൻഷൻകാരുടെ വിവരങ്ങൾ.
2. സർവ്വീസിൽ നിന്നും പിരിച്ച് വിടപ്പെട്ടവരുടെ വിവരങ്ങൾ
3. ഒരു ഗുണഭോക്താവിന് തന്നെ ഒന്നിലധികം മെഡിസെപ് ഐ.ഡി. ഉണ്ടാകുകയും അതിൽ ഒന്നിൽ മാത്രം പ്രീമിയം കുറവ് ചെയ്യപ്പെടുന്നതുമായ സാഹചര്യത്തിൽ അത്തരത്തിലുള്ളവരുടെ വിവരങ്ങൾ.
4. മെഡ്കാർഡ് ലഭിച്ചശേഷം മറ്റേതെങ്കിലും കാരണത്താൽ ജോലി ഉപേക്ഷിച്ച് പോയവരുടേയും അനുമതിയില്ലാതെ ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നവരുടെയും (deserter) വിവരങ്ങൾ.
5. മേൽ ഖണ്ഡിക (1) മുതൽ (4) വരെ പരാമർശിച്ചതല്ലാതെ മറ്റേതെങ്കിലും കാരണത്താൽ, പ്രീമിയം തുക തിരികെ ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ അത്തരം ഗുണഭോക്താക്കളുടെയും വിവരങ്ങൾ.

II) മേൽ സൂചിപ്പിച്ച വിഭാഗം ജീവനക്കാരുടെ ഡാറ്റാ ബന്ധപ്പെട്ട ഡി.ഡി.ഒ./ട്രഷറി ഓഫീസർമാർ ഡി-ആക്ടിവേറ്റ് ചെയ്യേണ്ടതും ആയതിനുള്ള കാരണം സഹിതം പ്രസ്തുത വിവരം ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

III) ഒരു വകുപ്പ്/യൂണിവേഴ്സിറ്റിക്ക് കീഴിൽ ഇത്തരത്തിൽ ഒഴിവാക്കേണ്ട ജീവനക്കാർ വിവരങ്ങൾ ക്രോഡീകരിച്ച് അതാത് വകുപ്പിലെ/യൂണിവേഴ്സിറ്റിയുടെ നോഡൽ ഓഫീസർ ധനകാര്യ (ഐ.ടി.എസ്.എഫ്.) വകുപ്പിൽ ഇ-മെയിൽ (info.medisep@kerala.gov.in) മുഖാന്തിരവും ലഭ്യമാക്കേണ്ടതാണ്.

IV) ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിലേക്ക് ആവശ്യമായ ഡാറ്റാ **22/06/2023** തീയതിക്ക് മുമ്പ് തന്നെ ലഭ്യമാക്കേണ്ടതാണ്.

V) ഇത്തരത്തിൽ പ്രീമിയം നൽകാതെ തന്നെ ഏതെങ്കിലും ഗുണഭോക്താവ് പദ്ധതിയിൽ തുടരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വഴി സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ /പെൻഷൻ ഓഫീസർ ഉത്തരവാദികളായിരിക്കും.

**22/06/2023 തീയതിക്ക് ശേഷം സ്റ്റാറ്റസ് റിപ്പോർട്ടിൽ വരുത്തുന്ന തിരുത്തലുകൾ** (നവജാത ശിശുക്കൾ, പുതുതായി വിവാഹം കഴിയുന്നവർ എന്നീ വിഭാഗക്കാർ ഒഴികെ) **മെഡിസെപ് ഐ.ഡി. കാർഡിൽ പ്രതിഫലിക്കില്ല.** ആയതിനാൽ ഡി.ഡി.ഒ.-മാരും ട്രഷറി ഓഫീസർമാരും ടി തീയതിക്ക് മുൻപ് ലഭ്യമാകുന്ന അവസാന ഡാറ്റാ അപ്ഡേഷൻ അപേക്ഷയും പരിഗണിച്ച് അന്തിമതീയതിക്ക് മുൻപായി തന്നെ മെഡിസെപ് പോർട്ടലിൽ ആയത് 'VERIFY' ചെയ്ത് ക്രമപ്പെടുത്തി വെയ്ക്കേണ്ടതാണ്. ***2018 മുതൽ ആരംഭിച്ച വിവരശേഖരണവും അതുമായി ബന്ധപ്പെട്ട കൂട്ടിചേർക്കലുകൾക്കും തിരുത്തലുകൾക്കുമായി നൽകിയിട്ടുള്ള കൃത്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നിർവഹിക്കാതെ അനുവദിച്ച സമയപരിധി കഴിഞ്ഞും ഡി.ഡി.ഒ. മാരുടേയും ട്രഷറി ഓഫീസർമാരുടേയും സഹായത്തോടെ status report തിരുത്തൽ വരുത്തിയിട്ട് കാർഡ് ലഭ്യമായിട്ടില്ല എന്ന പരാതി നല്കിയാൽ ആയത് ഇനിമേൽ പരിഗണിക്കുന്നതല്ല.*** എന്നാൽ അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ തിരുത്തലുകൾ വരുത്തി VERIFY ചെയ്തതിനു ശേഷവും, എന്തെങ്കിലും സാങ്കേതിക പിഴവുകൾ നിമിത്തം മെഡിസെപ് കാർഡ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം, **1800-425-1857** എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുകയോ **sncmedisep@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ മെഡിസെപ് സ്റ്റേറ്റ് നോഡൽ സെല്ലിലെ ഐ.ടി. മാനേജർക്ക് പരാതി സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

മെഡിസെപ്പിൽ ഗുണഭോക്താക്കളുടെ ആശ്രിതരായി ഉൾപ്പെടുത്തിയിട്ടുള്ള മക്കളുടെ (ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന മക്കൾ ഒഴികെ) മെഡിസെപ് അംഗത്വം പ്രസ്തുത ഗുണഭോക്താവ് സേവനത്തിൽ നിന്നും വിരമിക്കുമ്പോൾ അവസാനിക്കുന്നതാണ്.

കുടുംബ പെൻഷൻ കൈപ്പറ്റുന്ന ഒരു വ്യക്തി പുതിയ നിയമനം ലഭിച്ച സർക്കാർ സേവനത്തിൽ പ്രവേശിക്കുമ്പോൾ ടി വ്യക്തി ഇക്കാര്യം യഥാസമയം ബന്ധപ്പെട്ട ട്രഷറി ഓഫീസറെ അറിയിക്കേണ്ടതാണ്. ട്രഷറി ഓഫീസർ ടി വ്യക്തിയുടെ കുടുംബപെൻഷനിൽ നിന്നുള്ള മെഡിസെപ് അക്കൗണ്ട് 'block ' ചെയ്യേണ്ടതും, പുതിയ ഓഫീസിലെ ഡി.ഡി.ഒ. Employee ID/PEN ഉപയോഗിച്ച് ടി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഒരു കാരണവശാലും ഇപ്രകാരമുള്ളൊരു വ്യക്തിക്കു പുതിയൊരു മെഡിസെപ് ഐ.ഡി. അനുവദിക്കുവാൻ പാടുള്ളതല്ല. കൂടാതെ, നിലവിൽ കുടുംബപെൻഷൻ കൈപ്പറ്റുന്ന ജീവനക്കാരുടെ മെഡിസെപ് പ്രീമിയം അവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നു തന്നെ ഈടാക്കേണ്ടതാണ്.

ഒരു മെഡിസെപ് ഗുണഭോക്താവിന് ഒരു മെഡിസെപ് ഐ ഡി മാത്രമേ പാടുള്ളൂവെന്ന് സൂചന (3) സർക്കുലർ മുഖാന്തിരം ഡി.ഡി.ഒ.-മാർക്കും ട്രഷറി/പെൻഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. മെഡിസെപ് ഐ.ഡി. ഉള്ള പ്രാഥമിക ഗുണഭോക്താവിനെ മറ്റൊരു കാർഡിൽ ആശ്രിതനായി ചേർക്കാനോ (ഉദാഹരത്തിന് പെൻഷൻ/കുടുംബ പെൻഷൻ ഉള്ള ഒരാളെ പങ്കാളിയുടെയോ/മക്കളുടെയോ കൂടെ കാർഡിൽ ആശ്രിതരായി ഉൾപ്പെടുത്തുക) ഒന്നിലധികം കാർഡിൽ ഒരാളെ തന്നെ ആശ്രിതരായി ചേർക്കാനോ പാടില്ല (മാതാപിതാക്കളുടെ രണ്ടു പേരുടേയും കാർഡിൽ മക്കളെ ഒരേ സമയം ഉൾപ്പെടുത്തുക). ജീവനക്കാരെ പൂർണ്ണമായി ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളെ മാത്രമേ ആശ്രിതരായി കാർഡിൽ ചേർക്കാൻ പാടുള്ളൂ. കൂടാതെ, ഒരു മെഡിസെപ് ഗുണഭോക്താവിന് ഒന്നിലധികം PEN/PPO ജനറേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ടി വ്യക്തിയുടെ മെഡിസെപ് പ്രീമിയം കുറവ് ചെയ്യുന്ന മെഡിസെപ് ഐ.ഡി മാത്രം നിലനിർത്തിയതിനു ശേഷം മുൻ ഖണ്ഡിക I (3) -ൽ സൂചിപ്പിച്ചതുപോലെ, ബന്ധപ്പെട്ട ഡി.ഡി.ഒ. /ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർമാർ രണ്ടാമത്തെ മെഡിസെപ് ഐ.ഡി. deactivate ചെയ്യേണ്ടതാണ്.

**ഷിബു .എ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ganesh

സെക്ഷൻ ഓഫീസർ.